**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2324** **21-01-2021 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകരയിലെ കിഫ്ബി പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗവൺമെന്റ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിന്റെ കെട്ടിടത്തിന് ഡി.പി.ആർ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ ഭരണാനുമതി ആണ് പ്രസ്തുത സ്കൂളിനെ മികവിന്റെ കേന്ദ്രം ആക്കുന്നതിനു നൽകിയത് എന്ന് വിശദമാക്കാമോ; | (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി പദ്ധതി നിർവ്വഹണ ഏജൻസി ആയ 'ഇൻഫ്രാസ്ട്രക്ച്ചർ കേരള ലിമിറ്റഡ് (ഇൻകെൽ)' സമർപ്പിച്ച 3.12 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ വിശദ പരിശോധനയിലാണ്. പദ്ധതിക്ക് ധനാനുമതി നൽകിയിട്ടില്ല. |
| (ബി) | നെയ്യാറ്റിൻകര നഗരസഭ മാർക്കറ്റ് നവീകരണത്തിന്റെ ഡി.പി.ആർ. അനുവദിച്ച് എത്രകോടിയുടെ ഭരണാനുമതി ആണ് നൽകിയത് എന്ന് വ്യക്തമാക്കാമോ? | (ബി) | നെയ്യാറ്റിൻകര നഗരസഭ ഫിഷ് മാർക്കറ്റ്നവീകരണ പദ്ധതിക്കായി 13/10/2020ൽ ചേർന്ന കിഫ്ബിയുടെ ബോർഡ് മീറ്റിങ്ങിൽ 4.045 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ